67

# നിങ്ങൾ വലുതാകുമ്പോൾ ആരാകുവാൻ പോകുന്നു?

## മത്താ. 20:17- 28; മർക്കൊ. 10:32- 45; ലൂക്കൊ. 18:31 - 34

## ഒരടുത്ത നോട്ടം

എന്റെ അപ്പൻ ദേവ് എച്ച്. റോപ്പർ, ഒരു അദ്ധ്യാപകനായി പ്രവർത്തിച്ചു: അദ്ദേഹം ഒരു വൊക്കേഷണൽ കാർഷിക അദ്ധ്യാപകനായിരുന്നു. ഒരു സയൻസ് അദ്ധ്യാപകനായും, ഒരു പ്രിൻസിപ്പലായും തന്റെ ജീവിതത്തിൽ പ്രായപൂർത്തിയെത്തിയ ശേഷം പ്രവർത്തിച്ചിട്ടുണ്ട്. എങ്ങനെയായാലും, അദ്ദേഹം ബുക്ക്സ്റ്റോർ ഉടമയായും, ഒരു കൃഷിക്കാരനായും, ഒരു മിഷണറിയായും, ഒരു ഉപദേഷ്ടാവായും പ്രവർത്തിച്ചിട്ടുണ്ട്. ഇപ്പോൾ, 88ാമത്തെ വയസിൽ ന്യൂസ് പേപ്പറിനുവേണ്ടി ഒരു ഹാസ്യ/നൊസ്റ്റാൾജിയ കോളം എഴുതുന്നുണ്ട്. കുടുംബാംഗങ്ങൾ അദ്ദേഹത്തിന്റെ ജീവിതകഥയറിഞ്ഞ് തമാശാരൂപത്തിൽ ഇങ്ങനെ ചോദിക്കും "ഞാൻ വലുതാകുമ്പോൾ ആരാകും?"

ഒരു കുട്ടിയോട്, "നീ വലുതാകുമ്പോൾ ആരാകുവാൻ പോകുന്നു" എന്ന് ചോദിച്ചാൽ അവനോ അവൾക്കോ ഉത്തരം റെഡിയായിരിക്കാം: "ഒരു ഫയർമാൻ," "ഒരു അദ്ധ്യാപകൻ," "ഒരു പൈലറ്റ്" "ഒരു എഞ്ചിനീയർ" "ഒരു ഡോക്ടർ," അല്ലെങ്കിൽ "ഒരു നഴ്സ്."[1] ഞാൻ ആ ചോദ്യം ചോദിക്കുവാൻ ആഗ്രഹിക്കുന്നു: "വലുതാകുമ്പോൾ *നീ* ആരാകുവാൻ പോകുന്നു?" നിങ്ങൾ ശാരീരികമായി വലുതാകുന്നതിനെക്കുറിച്ചല്ല ഞാൻ പറയുന്നത്. നിങ്ങൾ ഒരുപക്ഷെ ഇപ്പോൾ തന്നെ ഒരു ജോലി തിരഞ്ഞെടുത്തുകാണും. മറിച്ച്, *ആത്മീയമായി* വളരുന്ന കാര്യമാണ് ഞാൻ ഉദ്ദേശിച്ചത്.[2] നിങ്ങളുടെ ആത്മീയമായ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്? രാജ്യത്തിൽ നിങ്ങൾ ആരാകുവാനാണ് ആഗ്രഹിക്കുന്നത്?

ഒരു ദിവസം യേശു തന്റെ ശിഷ്യന്മാരുമായി ഈ വിഷയത്തെക്കുറിച്ച് ഗൗരവമായി സംസാരിച്ചു. നാം എന്തു പറയേണം എന്നതിനെക്കുറിച്ച് ചിന്തിക്കേണ്ടിയിരിക്കുന്നു.

### രണ്ടു ശിഷ്യന്മാർ
### (മത്താ. 20:17-23; മർക്കൊ. 10:32-40; ലൂക്കൊ. 18:31-34)

കർത്താവ് തന്റെ മരണത്തിലേക്കുള്ള വഴിയിലായിരുന്നു. അവൻ തന്റെ ശിഷ്യന്മാരെ തനിക്ക് ചുറ്റും നിർത്തി പറഞ്ഞു,

> അനന്തരം അവൻ പന്തിരുവരെ കൂട്ടിക്കൊണ്ടു അവരോടു: ഇതാ നാം യെരുശലേമിലേക്കു പോകുന്നു; മനുഷ്യപുത്രനെക്കുറിച്ചു പ്രവാചകന്മാർ എഴു

തിയിരിക്കുന്നതു എല്ലാം നിവൃത്തിയാകും. അവനെ ജാതികൾക്കു ഏല്പി ച്ചുകൊടുക്കയും അവർ അവനെ പരിഹസിച്ചു അപമാനിച്ചു തുപ്പി തല്ലീട്ടു കൊല്ലുകയും മൂന്നാം നാൾ അവൻ ഉയർത്തെഴുന്നേൽക്കയും ചെയ്യും എന്ന് പറഞ്ഞു (ലൂക്കൊസ് 18:31–33).

ലൂക്കൊസ് 18:34 അനുസരിച്ച്, "ശിഷ്യന്മാർ ആ കാര്യങ്ങൾ ഒന്നും ഗ്രഹി ച്ചില്ല.'' അവർക്ക് അത് ഗ്രഹിക്കുവാൻ കഴിയാതിരുന്നതിന്റെ കാരണം ക്രിസ്തു യെരുശലേമിലേക്ക് പോകുന്നത് ഭൗതീകമായ രാജ്യം സ്ഥാപിക്കു ന്നതിനാണ് എന്ന് അവർ വിചാരിച്ചിരുന്നു (ലൂക്കൊസ് 19:11 നോക്കുക). ക്രൂശി കരണം അവരുടെ പദ്ധതിക്ക് യോജിച്ചതായിരുന്നില്ല.

**സ്വന്ത-താൽപര്യം**

അവരുടെ തെറ്റിദ്ധാരണയുടെ വ്യാപ്തി ഉടനെ തെളിവായി. "സെബദി യുടെ മക്കളായ, യാക്കൊബും യോഹന്നാനും യേശുവിന്റെ അടുക്കൽ വന്നു പറഞ്ഞു, 'ഗുരോ, ഞങ്ങൾ നിന്നോട് യാചിപ്പാൻ പോകുന്നത് ഞങ്ങൾക്കു ചെയ്തുതരുവാൻ അപേക്ഷിക്കുന്നു'" (മർക്കൊസ് 10:35). ഫലത്തിൽ, "നിങ്ങൾ ചോദിക്കുന്നത് ഞാൻ നിങ്ങൾക്കു തരാം," എന്ന് ക്രിസ്തു പറയു വാനാണ് , യാക്കോബും യോഹന്നാനും ആഗ്രഹിച്ചത്. കാര്യമെന്തെന്ന് പറ യാതെ ഒരു കാര്യം ചോദിച്ചാൽ അതു ചെയ്യുമോ എന്ന് ചോദിച്ചിട്ടുള്ള അനു ഭവം നിങ്ങൾക്കു ഉണ്ടായിരിക്കാം.[3]

അപേക്ഷ: "ദേവേ, എനിക്ക് ഒരു ഉപകാരം നിങ്ങൾ ചെയ്യുമോ."
*ശ്രദ്ധയോടെയുള്ള പ്രതികരണം: "ങ്ഹാ ... എന്താണത്?"*

യേശു ആ രണ്ടു പേരോടും ചോദിച്ചു, "ഞാൻ നിങ്ങൾക്കു എന്തു ചെയ്തുതരുവാൻ നിങ്ങൾ ആഗ്രഹിക്കുന്നു?" (മർക്കൊസ് 10:36). അവർ എന്താണ് ആഗ്രഹിക്കുന്നതെന്ന് അവന് അറിയാമായിരുന്നു. എന്നാൽ അവ രുടെ സ്വേ–ച്ഛ പുറത്തുകൊണ്ടുവരുവാൻ അവൻ ആഗ്രഹിച്ചു (യോഹന്നാൻ 6:6 മായി താരതമ്യം ചെയ്യുക). അവർ പറഞ്ഞു, "നിന്റെ മഹത്വത്തിൽ ഞങ്ങ ളിൽ ഒരുത്തൻ നിന്റെ വലത്തും ഒരുത്തൻ നിന്റെ ഇടത്തും ഇരിക്കാൻ വരം നൽകേണം (മർക്കൊസ് 10:27), അതായത്, "നിന്റെ രാജ്യത്തിൽ" (മത്തായി 20:21).

അതിന് തൊട്ട് മുമ്പ് തന്റെ രാജ്യത്തിൽ അവർ പന്ത്രണ്ട് സിംഹാസന ങ്ങളിൽ ഇരിക്കുമെന്ന് ക്രിസ്തു തന്റെ അപ്പോസ്തലന്മാർക്ക് വാഗ്ദാനം ചെയ്തിരുന്നു (മത്തായി 19:28).[4] ഇപ്പോൾ യാക്കൊബും യോഹന്നാനും ആവ ശ്യപ്പെട്ടത് ആ സിംഹാസനങ്ങളിൽ മുഖ്യമായവയാണ്. അവർ കരുതിയത് ആ സിംഹാസനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടവ യേശുവിന്റെ വലത്തും ഇടത്തും ഉള്ളവയാണ് എന്നാണ്.[5] അമേരിക്കയിൽ, ഞങ്ങൾ പറയും അവർ ആഗ്രഹിച്ചത് ഒരാൾ സ്റ്റേറ്റ് സെക്രട്ടറി സ്ഥാനവും മറ്റേയാൾ ആഗ്രഹിച്ചത് ട്രഷറി സെക്രട്ടറി സ്ഥാനവും ആയിരുന്നു.[6] ഇംഗ്ലണ്ടിൽ, നാം ആ സാദൃശ ത്തെമാറ്റി പ്രധാനമന്ത്രിയെന്നു ചാൻസലർ എന്നും ആക്കിയേക്കാം.[7]

എന്തുകൊണ്ടാണ് അവർ ആ അപേഷ നടത്തിയത് എന്ന് നമുക്കറിയില്ല. അല്ലെങ്കിൽ യേശു നൽകുമെന്ന് അവർ വിചാരിക്കുവാൻ കാരണമെന്തെന്നു

അറിയില്ല. ആ സ്ഥാനങ്ങൾക്കുള്ള യോഗ്യത അവർക്കുണ്ടെന്ന് അവർ വിചാരിച്ചിരിക്കാം: അവരുടെ കുടുംബത്തിൽ പണം ഉണ്ടായിരുന്നു (മർക്കൊസ് 1:20), അവർക്ക് മഹാപുരോഹിതനുമായി ബന്ധം ഉണ്ടായിരുന്നു (യോഹന്നാൻ 18:15). ഒരുപക്ഷേ കർത്താവിന്റെ "ആന്തരീകവലയത്തിൽ" ആ മൂന്നു പേരും ഉൾപ്പെട്ടിരുന്നതുകൊണ്ടാവാം (മത്തായി 17:1). അവർ യേശുവിന്റെ ബന്ധുക്കൾ ആയിരുന്നതുകൊണ്ട്, തങ്ങളോട് പക്ഷം ചേരുമെന്ന് വിചാരിച്ചിരിക്കാൻ സാധ്യതയുണ്ട്. കാരണമെന്തായാലും, ക്രിസ്തു ക്രൂശിനെക്കുറിച്ച് ചിന്തിച്ചുകൊണ്ടിരുന്നപ്പോൾ അവർ കിരീടങ്ങളെക്കുറിച്ചാണ് ചിന്തിച്ചിരുന്നത്.

ടെയിൽ ഹാർട്ട്മെൻ ശിഷ്യന്മാരുടെ ആ താൽപര്യത്തെ തന്റെ യുവത്വത്തിലെ ഒരു സംഭവം എടുത്ത് ചിന്തിക്കയുണ്ടായി. ഒരു ഡാമിന്റെ അറ്റകുറ്റ പണികൾക്കായി ഒരു കുളം വറ്റിക്കേണ്ടിയിരുന്നു. ആ കുളത്തിൽ നിന്ന് ഒരു പതിഞ്ഞ സ്വരം ടെയിൽ കേട്ടു, അതുകൊണ്ട് അത് വറ്റിക്കുന്നതിന് മുമ്പ് അതെന്താണെന്ന് പരിശോധിക്കുവാൻ ടെയിലും തന്റെ സ്നേഹിതനും മുതിർന്നു: ഒരു വലിയ വലയുടെ ഒരറ്റം ഒരാളും മറ്റേയറ്റം സ്നേഹിതനും പിടിച്ചു വലിക്കുവാൻ തുടങ്ങി. ആ വലക്ക് ഭാരം ഏറി – അങ്ങനെ ടെയിലിന് വലവലിക്കുവാൻ പ്രയാസം നേരിട്ടു ആ പതിഞ്ഞ ശബ്ദം തുടർന്നുകൊണ്ടിരുന്നു! അവർ വല വലിച്ചു കയറ്റിയപ്പോൾ, അതിൽ ഏതാനും മത്സ്യം ഉണ്ടായിരുന്നു; എന്നാൽ മുഖ്യമായും ചെറിയ ആമകളായിരുന്നു, അവ കുളത്തിലെ ചെളിയിനടിയിലേക്ക് പോകുവാൻ ശ്രമിക്കുകയായിരുന്നു. ടെയിൽ തീർച്ചയാക്കി, "യേശു ക്രൂശിലേക്ക് പോയപ്പോൾ, അവന് ചുറ്റും പന്ത്രണ്ട് ആമകൾ വിപരീത ദിശയിലേക്ക് പോകുവാൻ ശ്രമിക്കുകയായിരുന്നു."[8]

യേശു യാത്രചെയ്തപ്പോൾ അവനോടുകൂടെ യാക്കോബും യോഹന്നാന്റെ അമ്മ ശലോമിയും ഉണ്ടായിരുന്നു. (മത്തായി 20:20; മത്തായി 27:55,56) മർക്കൊസ് 15:40, 41). അവൾ തന്റെ മക്കളോട് കൂടെ യേശുവിന്റെ അടുക്കൽ വന്നതായിരുന്നു, അവൾ തന്റെ അപേക്ഷ കൂട്ടിച്ചേർത്തു: "എന്റെ പുത്രന്മാർ ഇരുവരും നിന്റെ രാജ്യത്തിൽ ഒരുത്തൻ തന്റെ വലത്തും ഒരുത്തൻ തന്റെ ഇടത്തും ഇരിപ്പാൻ അരുളിചെയ്യേണമേ" (മത്തായി 20:21).[9]

സെബദിയെ മനസിലാക്കുന്നതിൽ എനിക്കു വിഷമമില്ല. രണ്ടു ആൺമക്കളുള്ള ഒരു അമ്മ എനിക്കുണ്ട് അവർ തന്റെ മക്കൾക്കുവേണ്ടി നിയമപരവും ധാർമീകവുമായ, മറ്റെന്തും ചെയ്യും. ആമേരിക്കയിലെ പ്രസിഡന്റിന്റെ അടുക്കലേക്ക് അവർ ചെന്നു പറയുന്നത് എനിക്ക് ഊഹിക്കാൻ കഴിയും, "മിസ്റ്റർ പ്രസിഡന്റേ, എനിക്ക് നിങ്ങൾ ഒരു ഉപകാരം ചെയ്തുതരണം. നോക്കൂ, എനിക്ക് രണ്ട് ആൺമക്കൾ ഉണ്ട് – മുതിർന്ന ആൺമക്കളാണ്–അവർക്ക്വേണ്ടി നിങ്ങൾ ഇത് ചെയ്യണം ..."

ക്രിസ്തു ശലോമിയെ ശാസിച്ചില്ല. അവൾ തന്റെ പുത്രന്മാരിൽ അഭിമാനം കൊള്ളുകയും അവർക്ക് നല്ലത് വരണമെന്ന് ആഗ്രഹിക്കയും ചെയ്തു. രാജ്യം ഭൗതികമല്ലാതെ ആത്മികമാകുന്നതെങ്ങനെയെന്ന് അവൾക്ക് മനസിലായിരുന്നില്ല, എന്നാൽ അത് മനസിലാക്കാവുന്നതായിരുന്നു.[10] എങ്ങനെയായാലും, അവരുടെ പുത്രന്മാർക്ക് ഒഴികഴിവില്ലായിരുന്നു. മൂന്നു വർഷത്തോളം യേശുവിനെ കേൾക്കുവാനുള്ള അവസരം അവർക്കു നൽകിയിരുന്നു. രാജ്യത്തിന്റെ സ്വഭാവം അവർ മനസിലാ*ക്കേണ്ടിയിരുന്നു.*

അതുകൊണ്ട് യാക്കോബിനേയും യോഹന്നാനെയും കർത്താവ് ശാസിച്ചു (മത്തായി 20:22; മർക്കൊസ് 10:38).[11]

**സ്വയം-ത്യജിക്കൽ**

"ചോദിക്കുന്നതെന്ത് എന്ന് നിങ്ങൾ അറിയുന്നില്ല," എന്നാണ് ക്രിസ്തു ആദ്യം പറഞ്ഞത് (മർക്കൊസ് 10:38). അത് അവരെ അതിശയിപ്പിച്ചിരിക്കാം. അവരെന്താണ് ചോദിച്ചതെന്ന് തീർച്ചയായും അവർക്ക് അറിയാമായിരുന്നു: അവർ അധികാരവും ശക്തിയുമായിരുന്നു ചോദിച്ചത്. അവർ അഭിമാനവും ഔന്നത്യവുമാണ് ചോദിച്ചത്. ബഹുമാനവും ആദരവുമാണ് അവർ ചോദിച്ചത്.

യേശുവിന്റെ പ്രസ്താവന അവരെ അതിശയിപ്പിച്ചു എങ്കിൽ, അവന്റെ ചോദ്യം അവരെ ഇരട്ടിയായി അതിശയിപ്പിച്ചേക്കാം: "ഞാൻ കുടിക്കുന്ന പാന പാത്രം കുടിപ്പാനും ഞാൻ ഏൽക്കുന്ന സ്നാനം ഏൽപ്പാനും നിങ്ങൾക്ക് കഴിയുമോ?" (മർക്കൊസ് 10:38). "പാനപാത്രം" എന്നത് സന്തോഷം നിറഞ്ഞുകവിയുന്നതിന്റെ പഴയനിയമ അടയാളം ആയിരുന്നു (സങ്കീർത്തനങ്ങൾ 23:5), കഷ്ടത നിറയുന്നതുമായിരുന്നു[12] (യെശയ്യാവ് 51:17); ഇവിടെ അത് ക്രിസ്തുവിന്റെ കഷ്ടതയെയാണ് കാണിക്കുന്നത്. "സ്നാനം" അർത്ഥമാക്കുന്നത് "മുങ്ങൽ" ആണ്. അതിനെ രൂപകാലങ്കാരമായി നിറഞ്ഞ് കവിയുന്നതിനെ സൂചിപ്പിക്കുന്നു.[13] യേശുവിന്റെ കഷ്ടതയുടെ ആധിക്യം, ക്രൂശടക്കമുള്ളത് അവന്റെ വാക്കുകളിൽ പ്രതിഫലിച്ചിരിക്കുന്നു. ക്രിസ്തു വർത്തമാനകാലത്തിൽ ആണ് പാനപാത്രത്തേയും കഷ്ടതയെന്ന സ്നാനത്തേയും പറഞ്ഞത്: "ഞാൻ കുടിക്കുന്ന. ... ഞാൻ ഏൽക്കുന്ന സ്നാനം." തനിക്ക് വരുവാനുള്ളതിനെക്കുറിച്ച് തികഞ്ഞ അറിവുണ്ടായതുകൊണ്ട് അവൻ വേദന നിറഞ്ഞവനായിരുന്നു (ലൂക്കൊസ് 12:50).

യാക്കൊബും യോഹന്നാനും വിചാരിച്ചത്, അവൻ റോമാസൈന്യവുമായി ഏറ്റുമുട്ടുന്നതിനെ സഹിക്കുന്ന കാര്യമായിരിക്കും പറഞ്ഞതെന്നാണ്[14]– അവർക്ക് ധൈര്യക്കുറവുള്ളതായി ചിന്തിച്ചതുമില്ല.[15] അവരുടെ അജ്ഞതയാലുള്ള ആത്മ–വിശ്വാസം നിമിത്തം പറഞ്ഞു, "ഞങ്ങൾക്കുകഴിയും" (മർക്കൊസ് 10:39).[16]

യേശു മറുപടി പറഞ്ഞപ്പോൾ അവന്റെ വാക്കുകളിൽ ദുഃഖം അലതല്ലിയിരിക്കണം, "ഞാൻ കുടിക്കുന്ന പാനപാത്രം നിങ്ങൾ കുടിക്കയും ഞാൻ ഏൽക്കുന്ന സ്നാനം ഏൽക്കയും ചെയ്യും നിശ്ചയം" (മർക്കൊസ് 10:39). അത് രണ്ടുപേർക്കായി വെച്ചിരിക്കുന്നു എന്ന് ക്രിസ്തുവിനറിയാം: യാക്കോബിനെ ഹെരോദാവ് അഗ്രിപ്പാ എ.ഡി. 44ലിൽ വാൾ കൊണ്ട് കൊല്ലിച്ചു, യോഹന്നാനെ പത്മോസ് ദ്വീപിലേക്ക് നാടുകടത്തുകയും ചെയ്തു (വെളിപ്പാട് 1:9).

പിന്നെ യേശു അവരുടെ ആവശ്യത്തോട് ഇങ്ങനെ പറഞ്ഞു: "എന്റെ വലത്തും ഇടത്തും ഇരിപ്പാൻ വരം നൽകുന്നതോ എന്റേതല്ല, ആർക്ക് ഒരുക്കിയിരിക്കുന്നുവോ അവർക്ക് കിട്ടും" (മത്തായി 20:23). ക്രിസ്തു അർത്ഥമാക്കിയത് അത്തരം ആദരവ് നൽകുന്നത് ദൈവീക അധികാരത്തിൽ പെടുന്നതാണ് എന്നത്രേ, അവൻ അതു സ്വർഗത്തിൽ വെച്ചിട്ടാണ് വന്നത് (ഫിലിപ്പിയർ 2:6, 7 നോക്കുക).[17] നേരെമറിച്ച്, സന്ദർഭം വ്യക്തമാക്കുന്നത് അവിടെ ആർ ഇരിക്കേണം എന്നത് ദൈവം തീരുമാനിക്കും എന്നതിനല്ല ഊന്നൽ കൊടുത്തിരിക്കുന്നത്, എന്നാൽ ആ സ്ഥാനങ്ങളിൽ ഏതുതരത്തിലുള്ള വ്യക്തികളെ ഇരുത്തേണമെന്ന് ദൈവം നിശ്ചയിച്ചു കഴിഞ്ഞിരിക്കു

ന്നു – പ്രത്യേകിച്ച്, മറ്റുള്ളവരെ സേവിക്കുന്നവർക്ക് (മത്തായി 20:26, 27).[18] എങ്ങനെയായാലും, നാം ആ സംഭവത്തിൽ മുന്നോട്ട് പോകുന്നു.

### പന്ത്രണ്ട് ശിഷ്യന്മാർ (മത്താ. 20:24-28; മർക്കൊ. 10:41-45)

**സ്വന്ത-താല്പര്യം**

യാക്കൊബും യോഹന്നാനും വിചാരിച്ചത് തങ്ങളുടെ സംഭാഷണം യേശുവിനും തങ്ങൾക്കുമിടയിൽ ഒതുങ്ങിനിൽക്കുമെന്നാണ്, പക്ഷെ രഹസ്യമായ സംഭാഷണം പരസ്യമാകുന്ന വഴികളുണ്ട്. യാക്കൊബും യോഹന്നാനും ആവശ്യപ്പെട്ടതു മറ്റു ശിഷ്യന്മാർ അറിഞ്ഞപ്പോൾ, "ആ രണ്ട് പേരോടും അവർക്ക് നീരസമുണ്ടായി" (മത്തായി 20:24). രാജ്യത്തിൽ ആരായിരിക്കും വലിയവൻ എന്നതിനെക്കുറിച്ച് പന്തിരുവർക്കിടയിൽ തുടർച്ചയായി വഴക്കിട്ടിരുന്നു (മർക്കൊസ് 9:34; മത്തായി 18:1; ലൂക്കൊസ് 22:24).

**സ്വയം-ത്യജിക്കൽ**

യേശു തന്റെ ശിഷ്യന്മാരെ അടുക്കെ വിളിച്ചു പറഞ്ഞു, "ജാതികളുടെ അധിപന്മാർ അവരിൽ കർത്തൃത്വം ചെയ്യുന്നു എന്നും മഹത്തുക്കൾ അവരുടെമേൽ അധികാരം നടത്തുന്നു എന്നും നിങ്ങൾ അറിയുന്നില്ലയോ" (മത്തായി 20:25). അങ്ങനെയാണ് ലോകം. ലോകപ്രകാരമുള്ള സംഘടനകൾ അധികാര നിലവാരത്തിലും ശക്തിയിലുമാണ് രൂപപ്പെടുത്തിയിരിക്കുന്നത് – മുകളിൽനിന്ന്, തലവനായും, ഏറ്റവും താഴെക്കിടയിലുള്ള ഉദ്യോഗസ്ഥനായും അവർ തരംതിരിക്കുന്നു. തീർച്ചയായും സമൂഹത്തിൽ പ്രാധാന്യമുള്ളവരാണ് അധികാരം നടത്തുന്നത്. യേശുവിന്റെ കാലത്ത്, ചക്രവർത്തിക്ക് സൈന്യം ഉണ്ടായിരുന്നു, റോമൻ നാടുവാഴിക്ക് കോടതി ഉണ്ടായിരുന്നു, ശക്തിയുള്ള യജമാനന്മാർക്ക് അവരുടേതായ ദാസന്മാരും ഉണ്ടായിരുന്നു. തങ്ങൾക്കു വേണ്ടി അല്ലെങ്കിൽ തങ്ങളുടെ കീഴിൽ എത്രപേർ ജോലി ചെയ്യുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ് ലോകം ഇന്ന് വ്യക്തികളെ മാനിക്കുന്നത്. "നിങ്ങൾ അങ്ങനെ ആകരുത്" എന്നാണ് ക്രിസ്തു തന്റെ ശിഷ്യന്മാരോട് പറഞ്ഞത് (മത്തായി 20:26).

"നിങ്ങൾ അങ്ങനെ ആകരുത്" എന്ന് യേശു പറഞ്ഞപ്പോൾ, അവന്റെ രാജ്യത്തിന്/സഭക്ക് ഘടനയോ ആത്മീകമായി നേതൃത്വമോ വേണ്ടാ എന്നല്ല അവൻ പറഞ്ഞത്. നായകത്വം കൂടാതെ ഒരു സംഘടനക്കും ഫലപ്രദമായി പ്രവർത്തിപ്പാൻ കഴികയില്ല.[19] ഓരോ സഭക്കും യോഗ്യതയുള്ള മുപ്പന്മാർ വേണം (തീത്തോസ് 1:5). മറിച്ച്, ക്രിസ്തു പറഞ്ഞത്, രാജ്യം/സഭ എന്നത് ലോകപ്രകാരമുള്ള ഒരു സംഘടനയല്ല എന്നാണ്.[20] കൂടാതെ, അവൻ പറഞ്ഞത് ജഡീകമായ ഒരു നായകനിൽ നിന്ന് വ്യത്യസ്തനാണ് ആത്മീയ നായകന്റെ ലക്ഷ്യം എന്നാണ്. അവൻ പറഞ്ഞു, "നിങ്ങളിൽ വലിയവനാകുവാൻ ഇച്ഛിക്കുന്നവൻ എല്ലാം നിങ്ങളുടെ *ശുശ്രൂഷക്കാരൻ* അകേണം" (മത്തായി 20:26; എംഫസിസ് മൈൻ).

യേശുവിന്റെ ഉപദേശത്തിലെ "ദാസൻ" എന്ന വാക്ക് നമ്മുടെ കാതുകൾക്ക് അരോചകമായി തീരുന്നതല്ല. നാം ആ വാക്കിന് അൽപം ചായം കലർത്തി മോടി പിടിപ്പിക്കാറുണ്ട്, അങ്ങനെ അതിലൽപം നിഗള ഭാവവും കൊടുക്കുന്നു: "അവൻ [അല്ലെങ്കിൽ അവൾ] ഒരു വലിയ കർത്തൃ ദാസ

നാണ്" എന്ന് പറയുന്നു. പുതിയനിയമകാലത്ത് "ദാസൻ" എന്ന വാക്കിന്റെ അർത്ഥം അവർ മനസിലാക്കിയിരുന്നു: ആരും ചെയ്യുവാൻ താൽപര്യപ്പെടാത്ത, ഹീനമായ പ്രവൃത്തിയാണ് ദാസൻ ചെയ്തിരുന്നത്, ഒരു ദാസനെ അനുമോദിച്ചിരുന്നില്ല. ഒരു ദാസന് അംഗീകാരമോ, അവൻ ചെയ്ത കടമകൾക്ക് നന്ദിയോ ലഭിച്ചിരുന്നില്ല (ലൂക്കൊസ് 17:10; കെജെവി). എങ്കിലും, ക്രിസ്തു പറഞ്ഞു "നിങ്ങളിൽ മഹാൻ ആകുവാൻ ഇച്ഛിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷക്കാരൻ ആകട്ടെ."

വിപ്ലവാത്മകതയിൽ നിന്ന് ഒട്ടും കുറഞ്ഞതായിരുന്നില്ല യേശുവിന്റെ ഉപദേശം ലോകം ഊന്നൽ കൊടുക്കുന്നത് ശുശ്രൂഷിക്കപ്പെടുന്നതിനാണെങ്കിൽ കർത്താവ് ഉയർത്തുന്നത് മറ്റുള്ളവരെ ശുശ്രൂഷിക്കുന്നവരെയാണ്. "ലോകത്തിന്റെ നിലവാരത്തിൽ നിന്നും ... തികച്ചും വിപരീതമായ ഒന്ന്."[21] "ജീവിതത്തിലേക്ക് ... പൂർണമായ പുതിയ മൂല്യങ്ങൾ" ക്രിസ്തു കൊണ്ടുവന്നു.[22] നാം മറ്റുള്ളവരെ "നമ്മേക്കാൾ ശ്രേഷ്ടരായി" കാണുവാൻ അവൻ ആഗ്രഹിക്കുന്നു (ഫിലിപ്പിയർ 2:3).

ശിഷ്യന്മാർക്ക് ആ പോയിന്റ് നഷ്ടമായാൽ പോലും, യേശു തുടർന്നു, "നിങ്ങളിൽ ഒന്നാമൻ ആകുവാൻ ഇച്ഛിക്കുന്നവൻ എല്ലാം നിങ്ങളുടെ ദാസൻ ആകേണം" (മത്തായി 20:27). വാക്യം 26–ൽ ക്രിസ്തു ഉപയോഗിച്ചത് "ശുശ്രൂഷകൻ" (*ഡയാക്കോനോസ്*) എന്നാണ്; ഇപ്പോൾ ഉപയോഗിച്ച വാക്ക് "അടിമ" (*ഡൗലോസ്*) എന്നാണ്. ദാസനായി തീരുന്നതു മോശമായിരുന്നു; അടിമയായിതീരുന്നത് ഏറ്റവും മോശമായിരുന്നു. ഒരു അടിമ ഒരു വസ്തു ആയിരുന്നു! ഒരു അടിമക്ക് അവകാശങ്ങൾ ഒന്നും ഇല്ലായിരുന്നു! (നമുക്ക്, ദൈവത്തിന്റെ അടിമയായിതീരുന്ന ആശയം, പ്രയാസത്തോടെ ഉൾക്കൊള്ളുവാൻ കഴിയും; എന്നാൽ മറ്റുള്ളവർക്ക് അടിമയായിതീരുന്നത് നമുക്ക് പ്രയാസം വരുത്തുന്നതാണ്.[23])

അപ്പോസ്തലന്മാർക്ക് യേശു നൽകിയ പ്രായോഗികത ഇതായിരുന്നു: "നിങ്ങൾ 'ഒന്നാമൻ,' ആകുവാൻ ഇച്ഛിക്കുന്നു എങ്കിൽ വാദിക്കുന്നത് നിർത്തുക, ആദരണീയ സ്ഥാനങ്ങൾ ആവശ്യപ്പെടുന്നത് നിർത്തുക. പിന്നെയോ, മറ്റൊരാളേയും – മറ്റുള്ളവരേയും ശുശ്രൂഷിച്ച് തുടങ്ങുക." അവന്റെ വാക്കുകൾ നമുക്കും പ്രായോഗികത നൽകുന്നതാണ്: "എപ്പോഴും നിങ്ങളെക്കുറിച്ചുള്ള ചിന്തയും, നിങ്ങൾക്ക് വേണ്ടതിനെക്കുറിച്ചുള്ള ചിന്തയും നിർത്തുക മറ്റുള്ളവരുടെ ആവശ്യങ്ങൾ കണ്ടെത്തുവാൻ നിങ്ങളുടെ കണ്ണ് തുറക്കുകയും അവരെ സഹായിപ്പാൻ തുടങ്ങുകയും ചെയ്യുക."

സ്വാർത്ഥതയെക്കുറിച്ചുള്ള ഒരു പാഠം കൗമാരപ്രായത്തിലുള്ള ഒരു പെൺകുട്ടി കേട്ടപ്പോൾ, അവൾ ഒരു കാർഡിൽ എഴുതി, "എന്നാൽ സ്വയം ത്യജിക്കൽ *മാനുഷീകമല്ല!*"[24] അവൾ ശരിയായിരുന്നു. സ്വയം ത്യജിക്കൽ ഒരു മാനുഷീക സ്വഭാവമല്ല, അതൊരു ദൈവീക ഗുണമാണ്. തനിക്ക് ചെയ്യുവാൻ കഴിയാത്തതൊന്നും യേശു തന്റെ ശിഷ്യന്മാരിൽ നിന്നോ – നമ്മിൽ നിന്നോ – ആവശ്യപ്പെടുന്നില്ല. അവൻ തുടർന്നു, "മനുഷ്യപുത്രൻ[25] ശുശ്രൂഷചെയ്യിപ്പാനല്ല ശുശ്രൂഷിപ്പാൻ അത്രേ വന്നത്" (മത്തായി 20:28; ലൂക്കൊസ് 22:27 നോക്കുക). കർത്താവിന് ശുശ്രൂഷിക്കപ്പെടുവൻ അവകാശം ഉണ്ടായിരുന്നു.[26] ക്രിസ്തുവന്റെ ജീവിതത്തെ പത്രൊസ് പിന്നീട് ചുരുക്കി ഇങ്ങനെ പറഞ്ഞു: "അവൻ നന്മ ചെയ്തു പോന്നു" (പ്രവൃത്തികൾ 10:38). അവൻ എപ്പോഴും ആളുകളുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞിരുന്നു. അവൻ എപ്പോഴും

സഹായിക്കുവാൻ തയ്യാറായിരുന്നു. അവൻ ഒരിക്കലും ക്ഷീണിച്ചിരുന്നില്ല, കൂടുതൽ വ്യാപൃതനായി തീരുകയോ, കൂടുതൽ തിരക്കുള്ളവനായി തീരുകയോ ചെയ്തിരുന്നില്ല. അവൻ എപ്പോഴും സേവന സന്നദ്ധനായിരുന്നു.[27]

യേശു പിന്നീട് അവന്റെ വലിയ സേവന പ്രവൃത്തിയെക്കുറിച്ചു പറഞ്ഞു, അത് മറ്റുള്ളവർക്ക് വേണ്ടി തന്റെ ജീവനെ യാഗമാക്കുന്നതായിരുന്നു: "തന്റെ ജീവനെ അനേകർക്ക് മറുവിലയായി കൊടുപ്പാൻ" (മത്തായി 20:28). താൻ ഭൂമിയിലേക്ക് വന്നത് എന്തിനുവേണ്ടിയാണെന്ന് ക്രിസ്തു ഒന്നിലധികം പ്രാവശ്യം പറഞ്ഞു: "ഞാൻ നീതിമാന്മാരെയല്ല പാപികളെയത്രേ മാനസാന്തരത്തിന് വിളിപ്പാൻ വന്നിരിക്കുന്നത്" (ലൂക്കൊസ് 5:32; മത്തായി 9:13 നോക്കുക); "കാണാത പോയതിനെ തിരഞ്ഞ് രക്ഷിപ്പാനത്രേ മനുഷ്യപുത്രൻ വന്നത്" (ലൂക്കൊസ് 19:10). മത്തായി 20:28 ലെ ഉദ്ദേശ പ്രസ്താവനയിൽ ആ ഉദ്ദേശം *എങ്ങനെ* നിറവേറ്റും എന്ന് അവൻ പറഞ്ഞു: അവൻ വന്നത് "ശുശ്രൂഷിപ്പാനും, അനേകർക്ക് വേണ്ടി *തന്റെ ജീവനെ മറുവിലയായി നൽകേണ്ടതിനുമായിരുന്നു.*" (എംഫസിസ് മൈൻ.)

തട്ടിക്കൊണ്ടു പോകൽ സംഭവവുമായി ബന്ധപ്പെട്ട് നാം മിക്കവാറും കേട്ടിട്ടുള്ള വാക്കാണ് "മറുവില": തങ്ങൾ പിടിച്ചെടുത്തവരെ വിട്ടയക്കുന്നതിന് അവർ നിശ്ചയിക്കുന്നതാണ് "മറുവില" ആ ആശയമാണ് ഗ്രീക്കുവാക്ക് തർജ്ജിമ ചെയ്ത "മറുവില" (*ലൂട്രോൺ*), എന്നാൽ ആവാക്കിന്റെ അർത്ഥം അതിനേക്കാൾ വിപുലമാണ്. സെപ്ത്വജിന്റിൽ,[28] ഉപയോഗിച്ചിരിക്കുന്നത് സൂചിപ്പിക്കുന്നത് ഒരു അടിമയെ സ്വതന്ത്രമാക്കുന്നതിനുള്ള വിലയാണ്, അത് ഒരു പ്രവാസിയെ ഭദ്രമായി വിടുവിക്കുന്നതിനോ അല്ലെങ്കിൽ ഒരു യുദ്ധ തടവുകാരനേയോ, അതുപോലെയുള്ള മോചനത്തിനോ പറയുന്ന വാക്കാണ്.[29] നമുക്ക് *ലൂട്രോണി*ന്റെ അടിസ്ഥാന അർത്ഥത്തെ "പണം കൊടുത്തു മോചിക്കുക" എന്ന് ചുരുക്കിപ്പറയാം.[30]

പുതിയ നിയമത്തിൽ ആ വാക്ക് പ്രത്യേകമായി പാപത്തിൽ നിന്ന് നമ്മെ വിടുവിക്കുന്നതിന് കൊടുക്കേണ്ടിവന്ന വിലയെക്കുറിച്ചാണ് പറയുന്നത്. *ലൂട്രോൺ* എന്ന വാക്കു മാത്രമായി മത്തായി 20:28ലും മർക്കൊസ് 10:45ലും കാണാം, എന്നാൽ അതുമായിട്ട് ബന്ധപ്പെട്ട വാക്കുകൾ നമ്മുടെ വീണ്ടെടുപ്പിനെക്കുറിച്ച് പറയുമ്പോൾ ഉപയോഗിച്ചിട്ടുണ്ട്,[31] അതിൽ വലിയ വേദഭാഗമായ 1തിമൊഥെയൊസ് 2:5, 6 ഉം ഉൾപ്പെടുന്നു: "ദൈവത്തിനും ... മനഷ്യർക്കും മദ്ധ്യസ്ഥനും ... ഒരുവൻ, എല്ലാവർക്കും വേണ്ടി മറുവിലയായി തന്നത്താൻ കൊടുത്ത മനുഷ്യനായ ക്രിസ്തുയേശു തന്നെ."[32]

മനുഷ്യർ മത്തായി 20:28 സങ്കീർണമാക്കുവാൻ ശ്രമിച്ചിട്ടുള്ളത്, ഈ വാക്യത്തിൽ ''*അനേകർക്കുള്ള* മറുവില'' എന്നാണെന്നും എന്നാൽ 1 തിമൊഥെയൊസ് 2:6–ൽ "*എല്ലാവർക്കും* ഉള്ള മറുവില" എന്നുമാണ് പറയുന്നത് – എന്നാൽ മത്തായി 20:28 ലെ "അനേകർ" "എന്നത് 'എല്ലാവർക്കും,' എന്ന എബ്രായ പ്രയോഗമാണ്."[33] വീണ്ടും, ആ മറുവില ദൈവത്തിനാണോ കൊടുത്തത് അതോ സാത്താന് ആണോ കൊടുത്തത് എന്നതിനെക്കുറിച്ച് ആളുകൾ വാദിക്കാറുണ്ട് അത്തരം ഊഹാപോഹങ്ങൾ വേദഭാഗത്തിന് അപ്പുറമാണ്. "നിത്യമായ സൂക്ഷ്മതയാണ് സ്വാതന്ത്ര്യത്തിന്റെ വില,"[34] എന്ന് പറയുമ്പോൾ ആർക്കാണ് വിലകൊടുക്കുന്നതെന്ന് നാം ചോദിക്കാറില്ല.

മനുഷ്യരെ ദൈവത്തിങ്കലേക്ക് മടക്കിക്കൊണ്ടുവരുവാൻ യേശുക്രിസ്തു മരിക്കേണ്ടിവന്നു എന്ന വലിയ സത്യമാണ് മത്തായി 20:28 നൽകുന്നത്.[35]

പത്രൊസ് അത് ഇങ്ങനെ പറഞ്ഞു: "... നിങ്ങളെ വീണ്ടെടുത്തിരിക്കുന്നത്[36] പൊന്ന് വെള്ളി മുതലായ അഴിഞ്ഞുപോകുന്ന വസ്തുക്കളെ കൊണ്ടല്ല ..., എന്നാൽ ക്രിസ്തു എന്ന, നിർദ്ദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിന്റെ രക്തം കൊണ്ടത്രേ" (1 പത്രൊസ് 1:18, 19). "നിങ്ങളെ വിലക്കു വാങ്ങിയിരിക്കയാൽ നിങ്ങളുടെ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ," എന്ന് പൗലൊസ് എഴുതി (1 കൊരിന്ത്യർ 6:20).

ഒരാൾ, ഒന്നാമനാകുവാൻ ഇച്ഛിച്ചാൽ, ശുശ്രൂഷിക്കേണമെന്നാണ്, യേശു പറഞ്ഞത്. അവൻ എല്ലാവരിലും ഒന്നാമനാണ്, അവനാണ് *ഏറ്റവും വലിയ* സേവനം അനുഷ്ഠിച്ചത്. ക്രിസ്തു നമ്മുടെ പാപങ്ങൾക്കു വേണ്ടി മരിച്ചു (1 കൊരിന്ത്യർ 15:3)!

## എല്ലാ ശിഷ്യന്മാരും

### സ്വന്ത-താൽപര്യം

നാം അവസാനിപ്പിക്കുന്നതിന് മുമ്പ്, യെശുവിന്റെ പാഠങ്ങൾ നമ്മിൽ പ്രായോഗികത വരുത്തുവാൻ നമുക്ക് അല്പസമയം ചിലവിടാം. രാജ്യം/സഭ ഭൂമിയിൽ സ്ഥാപിച്ചപ്പോൾ ക്രിസ്തുവിന്റെ ശിഷ്യന്മാരുടെ ജഡീക അഭിലാഷങ്ങൾ എന്നേക്കുമായി ഇല്ലാതായി എന്ന് പറയുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്. നിർഭാഗ്യവശാൽ, "നമ്മിൽ മിക്കപേരും കടന്ന് പോകുന്ന ഈ ലോകത്തിലെ ലൗകീക വായു ശ്വസിച്ചുകൊണ്ടു നമ്മുടെ ഭൂമിയിലെ തീർത്ഥയാത്രയിൽ ... ബാധിക്കപ്പെടാതിരിക്കുന്നതിന് നാം ക്ലേശിക്കുന്നു."[37] സമൂഹത്തിന്റെ ലക്ഷ്യം "ഒന്നാമനാകുവാൻ നോക്കുക" എന്നതാണ്.[38] സ്വയം–കേന്ദ്രീകൃത സ്വഭാവം സഭയെ ബാധിക്കാം: ക്രിസ്ത്യാനിത്വത്തിന്റെ കാതൽ സേവനമാണെന്ന് ചിലപ്പോൾ ഇടവകകൾ മറന്നുകൊണ്ട് വിജയവും–ആകൃതിയും വലുതായി കാണാറുണ്ട്. സ്വന്ത–താൽപര്യം വ്യക്തികളായ ക്രിസ്ത്യാനികളേയും ബാധിക്കുന്നു: ഏറ്റവും വലിയ ഇടവകകളിൽ പ്രസംഗിക്കുവാനുള്ള മത്സരം ഭീതിജനകമാണ്. സ്ഥാനമോഹം മൂപ്പനായി തീരണമെന്നുള്ള അത്യാഗ്രഹത്തിലേക്ക് തിരിയും. നമ്മിൽ മിക്കപേരും (നാം സമ്മതിക്കുകയാണെങ്കിൽ) അംഗീകാരം ലഭിച്ചില്ലാ എങ്കിൽ നമ്മുടെ വികാരം വ്രണപ്പെടും. അല്ലെങ്കിൽ നാം ചെയ്യുന്ന സൽപ്രവൃത്തികളെ അനുമോദിച്ചില്ലെങ്കിലും ശരിയാണ്. "ദാസൻ," എന്ന വാക്ക് അധരസേവനമായിട്ടാണ് നാം കാണുന്നത്, എന്നാൽ നാം ഒരു നിസാര ദാസനിലേക്ക് ഇറങ്ങി വരുന്നില്ല – തീർച്ചയായും നാം "അടിമകൾ" ആകുവാൻ ആഗ്രഹിക്കു*ന്നില്ല.*

### സ്വയം-ത്യജിക്കൽ

എങ്കിലും, അപ്പോഴും യേശു പറയുന്നു, "നിങ്ങളിൽ മഹാനാകുവാൻ ഇച്ഛിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷക്കാരനാകട്ടെ, നിങ്ങളിൽ ഒന്നാമനാകുവാൻ ഇച്ഛിക്കുന്നവൻ നിങ്ങളുടെ ദാസനായി തീരട്ടെ" (മത്തായി 20:26, 27). സിംഹാസനങ്ങൾക്കുവേണ്ടി ആവശ്യപ്പെട്ട യാക്കൊബിന്റേയും യോഹന്നാന്റേയും ഉള്ളിലുണ്ടായിരുന്നതിന്റെ വിപരീതമാണ് ദാസനായിതീരുക എന്നത്. വാസ്തവത്തിൽ മത്തായി 20:26, 27 പറയുന്നത് നിസ്വാർത്ഥതയോടും സ്വയ–ത്യാഗത്തോടും സേവനം അനുഷ്ഠിച്ച് ആദരണീയരാവുക എന്നതാണ്. ക്രിസ്തുവിന്റെ വലത്തും ഇടത്തുമുള്ള സിംഹാസനങ്ങൾ ബൈബിളിലെ വലിയ കഥാപുരുഷന്മാരായ യാക്കൊബ്, യോഹന്നാൻ, പത്രൊസ്,

പൗലൊസ്, എന്നിവർക്കായി മാറ്റിവെച്ചിട്ടില്ല, എന്നാൽ അത് അറിയാതെ താഴ്മയോടെ വിശുദ്ധമായ സേവനം അനുഷ്ടിച്ച് അനുമോദനവും അംഗീകാരവും ലഭിക്കാതെ പോയവർക്കുള്ളതാണ്.

### ഉപസംഹാരം

നിങ്ങൾ വലുതാകുമ്പോൾ ആര*ായി* തീരുവാൻ പോകുന്നു? "നിങ്ങൾ ആത്മിയമായി 'വളരുവാൻ' *ശ്രമിക്കു*ന്നുണ്ടോ?" എന്നതാണ് ആദ്യത്തെ ചോദ്യം. ചിലർ ആത്മിയ ശിശുക്കളായിരിക്കുന്നതിൽ തൃപ്തി കണ്ടെത്തുന്നു (എബ്രായർ 5:12–14). രണ്ടാമത്തെ ചോദ്യം, "നിങ്ങൾ *ഒരു ദാസനായി* തീരുവാൻ ലക്ഷ്യമിട്ടിട്ടുണ്ടോ?" യേശു ആയിരുന്നതുപോലെ ഒരു ദാസനാകുക എന്നതാണ് നാം ഓരോരുത്തരും നേരിടുന്ന വെല്ലുവിളി; അവന്റെ മനസുള്ളവരാകുക (ഫിലിപ്പിയർ 2:5; കെജെവി), "[അവന്റെ] കാൽപാടുകളെ പിൻപറ്റുക" (1 പത്രൊസ് 2:21), "അവന്റെ രൂപത്തോട് അനുരൂപമാകുക" (റോമർ 8:29). "ക്രിസ്തു എന്ന തലയോളം സകലത്തിലും വളരുവാൻ നമ്മെ എല്ലാവരേയും" ദൈവം സഹായിക്കുമാറാകട്ടെ (എഫെസ്യർ 4:15)![39]

### പ്രസംഗക്കുറിപ്പുകൾ

ഈ പ്രസംഗത്തിനു പറ്റിയ വേറെ തലവാചകങ്ങൾ "ദ ഡെസ്പെറേറ്റ് നീഡ് ഫോർ സെർവെൻഡ്സ്," "വൺ ഓഫ് ദ ലോർഡ്സ് ഹാർഡെസ്റ്റ് കമാൻഡ്സ്," "വാട്ട് ആർ യുവർ സ്പിരിച്ചൽ ഗോൾസ്?" അല്പം ചെറിയ വ്യത്യാസമുള്ള ഒരു സമീപനം, "എങ്ങനെ മാഹാത്മ്യം ലഭിക്കും?" എന്നതാണ്: (1) നിങ്ങൾ ഒരു *ഡയാക്കോനോസ്* ആകണം (ഒരു ദാസൻ); (2) നിങ്ങൾ ഒരു *ഡൗലൊസ്* ആകണം (ഒരു അടിമ); (3) നിങ്ങൾ ഒരു ദായകൻ (നൽകുന്നവൻ; യേശു തന്റെ ജീവൻ നൽകി) ആകണം.[40] മൂന്ന് എസിൽ തുടങ്ങുന്നത് റിച്ചാർഡ് റോജേഴ്സ് നല്കുന്നുണ്ട്: സെർവിങ്ങ്, സ്ലേവറി, സാക്രിഫൈസ്.[41] ഒരു ദാസൻ ആകുന്നതിനെ കുറിച്ചുള്ള ഏതൊരു പ്രസംഗത്തിനും പറ്റിയ ഉറവിടമാണ് ചാൾസ് സ്വിന്റലിന്റെ *ഇംപ്രൂവിങ്ങ് യുവർ സെർവ്*[42] എന്ന പുസ്തകം. ആ പുസ്തകത്തിന്റെ പേര് വേണമെങ്കിൽ നിങ്ങളുടെ പ്രസംഗത്തിനു കൊടുക്കാം.

"നിങ്ങളുടെ മക്കൾക്ക് എന്തു വേണമെന്നാണ് നിങ്ങൾ ആഗ്രഹിക്കുന്നത്?" എന്ന വിഷയത്തിനും ആ വേദഭാഗങ്ങൾ ഉപയോഗിക്കാം. താൻ എന്താണ് ചോദിക്കുന്നതെന്ന് ശലോമി അറിഞ്ഞിരുന്നില്ല. തന്റെ മക്കൾക്ക് വേദനയും മരണവുമാണ് അവൾ ചോദിക്കുന്നതെന്ന് അവൾ അറിഞ്ഞില്ല. നിങ്ങളുടെ മക്കൾക്ക് വേണ്ടി നിങ്ങൾ ആഗ്രഹിക്കുന്നതെന്തെന്ന് വളരെ ശ്രദ്ധിക്കണം.

"ചിലപ്പോൾ തെറ്റ് പുറത്തു വരണം" എന്നതാണ് ആ വേദഭാഗം പ്രസംഗിക്കുവാനുള്ള മറ്റൊരു സമീപനം. നമ്മിൽ മിക്കപേരും നിഷേധമായി തീരുന്നത് ഇഷ്ടപ്പെടുകയില്ല, എന്നാൽ തെറ്റു പുറത്തു വരണം. മത്തായി 20–ൽ യേശു തെറ്റു പുറത്തു കൊണ്ടുവന്നു (1) രാജാവിനേയും അവന്റെ ദൗത്യത്തേയും (വാ. 17–19), (2) രാജ്യത്തെയും രാജ്യത്തിന്റെ സ്വഭാവത്തെയും കുറിച്ച് (വാ. 20–23), (3) രാജകീയവും മറ്റു മാഹാത്മ്യങ്ങളും (വാ. 24–28).[43]

കുറിപ്പുകൾ

[1]ഇതിനെ നിങ്ങൾ താമസിക്കുന്ന സ്ഥലത്തിന് യോജിച്ചതാക്കുക. തയ്യാറെടുപ്പിന്റെ ഭാഗമായി നിങ്ങൾക്ക് വേണമെങ്കിൽ പല കുട്ടികളോടും അവർ വലുതാകുമ്പോൾ ആരായിതീരുവാനാണ് ആഗ്രഹിക്കുന്നത് എന്നു ചോദിക്കാം. [2]ആത്മീയ വളർച്ചയുടെ ആവശ്യകതക്ക് പുതിയ നിയമം ഊന്നൽ കൊടുത്തിട്ടുണ്ട് (എഫെസ്യർ 4:15; 1 പത്രൊസ് 2:2; 3:18). ആത്മിയമായി "വളരുന്ന" അവസ്ഥയെ "പക്വത" എന്നാണ് വിളിച്ചിരിക്കുന്നത് (1കൊരിന്ത്യർ 14:20; എഫെസ്യർ 4:13 നോക്കുക). [3]മിക്ക കുട്ടികളും അവരുടെ രക്ഷകർത്താക്കളിൽ, ഒരിക്കലെങ്കിലും പരീക്ഷിച്ചു കാണും. ഈ സംഭവത്തിന്റെ വ്യക്തിപരമായ അനുഭവം നിങ്ങൾക്ക് നൽകാം. [4]ഈ പുസ്തകത്തിൽ ആദ്യം വന്നിട്ടുള്ള മത്തായി 19:28ന്റെ ചുരുക്ക വിവരണം നോക്കുക. [5]അവർ ചോദിച്ചത് യേശു അവർക്ക് *നൽകിയിരുന്നെങ്കിൽ*, ഉടനെ തന്നെ അവർ ഏറ്റവും വലിയ സിംഹാസനത്തിൽ ആർ ഇരിക്കും എന്നതിനെച്ചൊല്ലി വഴക്കിടും. [6]ജെയിംസ് ബർട്ടൻ കോഫ്മാൻ, *കമെന്ററി ഓൺ മാർക്ക്* (ആസ്റ്റിൻ ടെക്സ്.:ഫേം ഫൗണ്ടേഷൻ പബ്ലിഷിങ്ങ് ഹൗസ്, 1975), 217. 1950 കളിലാണ് ജെ. ഡബ്ലിയു. റോബെർട്ട്സ് ഈ സാദൃശ്യം ഉപയോഗിച്ചിരുന്നത് ആദ്യമായി ഞാൻ കേട്ടത്. [7]ജെയിംസ് ബർട്ടൻ കോഫ്മാൻ, *കമെന്ററി ഓൺ ദ ഗോസ്പെൽ ഓഫ് മാത്യു* (ആസ്റ്റിൻ, ടെക്സ്.:ഫേം ഫൗണ്ടേഷൻ പബ്ലിഷിങ്ങ് ഹൗസ്, 1968), 312. ഈ സാദൃശ്യത്തെ നിങ്ങളുടെ രാജ്യത്തെ ഏറ്റവും വലിയ രാഷ്ട്രീയ സ്ഥാനമെടുത്ത് മാറ്റി പറയുക. [8]ഡെയിൽ ഹാർട്ട്മാൻ, സെർമൺ പ്രീച്ച്ഡ് അറ്റ് ഈസ്റ്റ്സൈഡ് ചർച്ച് ഓഫ് ക്രൈസ്റ്റ്, മിഡ്വെസ്റ്റ് സിറ്റി, ഓക്ലഹോമ, 2000. [9]സംഭവപരമ്പരകളുടെ കൃത്യമായ ക്രമം നമുക്ക് അറിയില്ല – ആദ്യം ചോദിച്ചത് അമ്മയാണോ അതോ മക്കളാണോ എന്നറിയില്ല. യാക്കൊബും യോഹന്നാനും അമ്മ *മുഖാന്തരം* ചോദിച്ചിരിക്കുവാനും സാധ്യതയുണ്ട്. [10]യേശുവിനെയും അപ്പൊസ്തലന്മാരേയും ശുശ്രൂഷിക്കുവാൻ അവളും മറ്റു സ്ത്രീകളും അവരോടൊപ്പം ഗലീലിയിൽ സഞ്ചരിച്ചിരുന്നു (മർക്കാസ് 15:40, 41), എന്നാൽ ഇതു ഇടവിട്ട് സംഭവിച്ചതാകാം. യേശുവിനെ കേൾക്കുവാൻ തന്റെ മക്കൾക്ക് ലഭിച്ചത്ര അവസരം അവൾക്ക് ലഭിച്ചിരുന്നില്ല; അവർക്ക് രഹസ്യമായി ലഭിച്ച പ്രത്യേക ഉപദേശങ്ങൾ അവൾക്ക് ലഭിച്ചിരുന്നില്ല.

[11]അപ്പൊസ്തലന്മാർ സെബെദിയോട് നീരസപ്പെട്ടില്ല എന്നും മക്കളോട് നീരസപ്പെട്ടു എന്നും ശ്രദ്ധിക്കുക (മത്തായി 20:24; മർക്കൊസ് 10:41). [12]നിങ്ങളുടെ ക്ലാസിനു യോജിക്കുമെങ്കിൽ, "സന്തോഷം നിറഞ്ഞുകവിയുന്നതും കഷ്ടത നീങ്ങിപ്പോകുന്നതും *ദൈവകരങ്ങളാലാണ്*" എന്ന് കൂട്ടി ചേർക്കാം. യേശു ക്രൂശിൽ മരിച്ചപ്പോൾ, നമ്മുടെ പാപങ്ങൾക്കുള്ള ശിക്ഷ അവൻ ഏറ്റെടുക്കുകയായിരുന്നു. ആ കഷ്ടത മൂർദ്ധന്യാവസ്ഥയിലെത്തിയത് നമ്മുടെ പാപങ്ങൾ നിമിത്തം അവനെ ദൈവത്തിൽനിന്നകറ്റിയപ്പോഴായിരുന്നു. [13]യേശു ഈ അലങ്കാരം മുൻപ് ലൂക്കൊസ് 12:50–ൽ ഉപയോഗിച്ചിട്ടുണ്ട്. ഇതിന്റെ ഒരു സമാനതയായി പഴയനിയമത്തിലെ വെള്ളത്താൽ മൂടപ്പെട്ടത് എടുത്തുകാണിക്കാം (ദൈവികശിക്ഷയെ സൂചിപ്പിക്കുന്നു; സങ്കീർത്തനങ്ങൾ 42:7; 69:15; 124:4). [14]തങ്ങൾ വെറുത്തിരുന്ന റോമാക്കാരെ തോൽപ്പിക്കുകയായിരിക്കും യേശു രാജ്യം സ്ഥാപിക്കുമ്പോൾ ആദ്യം ചെയ്യുന്നത് എന്നായിരുന്നു യെഹൂദന്മാർ വിചാരിച്ചത്. [15]എങ്ങനെയും, അവർ, "ഇടിമക്കൾ ആയിരുന്നു" (മർക്കൊസ് 3:17). എങ്കിലും, നാം കാണുവാൻ പോകുന്നതുപോലെ, അപകടസൂചന കിട്ടിയ ഉടനെ, മറ്റു അപ്പൊസ്തലന്മാരോടുകൂടെ, ഓടിപ്പോയി. [16]മത്തായി 26:33, 35–ൽ പത്രൊസ് റെഡിയാണെന്ന് പറഞ്ഞതു നമ്മെ ഓർപ്പിക്കുന്നു. [17]ദൈവികാവകാശം യേശു ഉപേക്ഷിച്ചതിന്റെ ഉദാഹരണമാണ് മർക്കൊസ് 13:32. [18]യേശു പറഞ്ഞത് അക്ഷരികമായിട്ടെടുത്താൽ അവൻ കുടിക്കുമെന്നു പറഞ്ഞ പാനപാത്രവും

കഷ്ടത എന്ന സ്നാനവും – യേശുവിന്റെ വലത്തും ഇടത്തും ക്രൂശിക്കപ്പെട്ട കള്ളന്മാരെ കുറിച്ച് ആകാനും സാധ്യതയുണ്ട്. [19]നിങ്ങൾക്ക് വേണമെങ്കിൽ ലോകത്തിലുള്ള ഏതെങ്കിലും ഉദാഹരണം എടുത്ത് ചിത്രീകരിക്കാം. [20]നാമധേയ വിഭാഗങ്ങൾക്ക് ലോകത്തിലുള്ള അധികാര ശ്രുംഖലയാണുള്ളത്:ഭൂമിയിൽ ഒരു തലയും പിന്നെ ഏറ്റവും താഴെ തട്ടിൽ വരെ വിവിധ തരത്തിലുള്ള അധികാര ഘടനകളാണുള്ളത്. അത്തരം സംഘടന തിരുവെഴുത്തിന് അന്യമാണ്.

[21]വില്യം ബാർക്ലേ, *ദ ഗോസ്പെൽ ഓഫ് മാത്യു, വാല്യം.* 2, റെവ, എഡി., ദ ഡെയ്ലി സ്റ്റഡി ബൈബിൾ സീരീസ് (ഫിലദെൽഫിയ:വെസ്റ്റ് മിനിസ്റ്റർ പ്രസ്, 1975), 232. [22]ഇബിഡ്. [23]ദൈവത്തിന്റെ അടിമയാകുന്നതിനെ കുറിച്ച് നോക്കുക, 1 കൊരിന്ത്യർ 7:22; മനുഷ്യരുടെ അടിമയാകുന്നതിനെ കുറിച്ച് 1 കൊരിന്ത്യർ 9:19 നോക്കുക. [24]അലിസൺ മാർട്ടിൻ, "എന്നാൽ, സ്വയം–ത്യജിക്കൽ മാനുഷികമല്ല!" *പവർ ഫോർ ടുഡേ* (ഏപ്രിൽ–ജൂൺ 2001):42. [25]പഴയനിയമത്തിലെ രണ്ടു വലിയ മശിഹാ ആശയത്തെ മത്തായി 20:28 വ്യക്തമാക്കുന്നതായി വ്യാഖ്യാതാക്കൾ ശ്രദ്ധിച്ചിട്ടുണ്ട്: "മനുഷ്യപുത്രൻ" എന്ന ദാനിയേൽ 7 ലെ വാക്കും യെശയ്യാവ് 52; 53 ലെ കഷ്ടതയേൽക്കുന്ന ദാസൻ എന്ന ആശയവും. [26]ഈ വാചകം എടുത്തിരിക്കുന്നത് ഡി.സ്റ്റുവർട്ട് ബ്രിസ്കോ, *എക്സ്പോസിറ്ററി നെഗറ്റിസ് ഫ്രം ദ ഗോസ്പൽസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.:ബേക്കർ ബുക്ക്സ്, 1994), 141. [27]യേശുവിന്റെ ജീവിതത്തിലെ ശുശ്രൂഷയുടെ ഉദാഹരണങ്ങൾ നിങ്ങൾക്ക് വേണമെങ്കിൽ നൽകാം. [28]പഴയനിയമത്തിന്റെ ഗ്രീക്ക് തർജിമയാണ് സെപ്റ്റ്വജിന്റ്. [29]ഉദാഹരണത്തിന്, "മറുവില" എന്നത് ചുങ്കം പിരിക്കുന്നതിന് ഉപയോഗിച്ചിട്ടുണ്ട് (പുറപ്പാട് 30:12), ഒരാളുടെ കാള മറ്റൊരാളെ കൊന്നാൽ ആ ജീവന്റെ മറുവിലയായി പണം കൊടുക്കണം (പുറപ്പാട് 21:29, 30), ആദ്യജാതന്റെ വീണ്ടെടുപ്പ് വില കൊടുക്കണം (സംഖ്യാപുസ്തകം 18:15), അടിമയാക്കപ്പെട്ട ബന്ധുവിനെ വാങ്ങുന്നതിനും പണം കൊടുക്കണം (ലേവ്യാപുസ്തകം 25:51, 52). [30]നോക്കുക ജെഫ്രീ ജെ.ഡബ്ലിയു. ബ്രോമിലേ, *തിയോളജിക്കൽ ഡിക്ഷ്ണറി ഓഫ് ദ ന്യൂടെസ്റ്റമെന്റ്,* അബ്രി. (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം. ബി. ഏഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി. 1985), 545.

[31]ആ വാക്കിന്റെ രൂപഭേദങ്ങൾ റോമർ 3:24, എഫേസ്യർ 1:7, എബ്രായർ 9:12–ൽ കാണാം. [32]മത്തായി 20:28 ഉം 1തിമൊഥെയൊസ് 2:6 ഉം തമ്മിൽ സമാനതകളുണ്ട്: മത്തായി 20:28–ൽ രണ്ട് വാക്കുകളായ *ലൂട്രോൺ ആന്റി* അണുള്ളത് ("എ റാൻസം ഇൻസ്റ്റഡ് ഓഫ്") എന്നാൽ 1 തിമൊഥെയൊസ് 2:6–ൽ *ആന്റി ലൂട്രോൺ* എന്ന സംയുക്ത വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. [33]ജാക്ക് പി. ലൂയിസ്, *ദ ഗോസ്പൽ എക്കോഡിങ് റ്റു മാത്യു, പാർട്ട് 1,* ദ ലിവിംങ് വാട് കമന്ററി സീരീസ്, എഡി. എവററ്റ് ഫെർഗൂസൻ (അബിലിൻ, ടെക്സ്.:ഏസീയു പ്രസ്, 1976), 81. [34]ഈ പരിജയമുള്ള പ്രസ്താവന 1790 ജൂലൈ 10 ന്, ഐർലന്റിലെ ഡെബ്ലിനിൽ വെച്ച് ജോൺ ഫിൽ പുട്ട് ഖുറാൻ നടത്തിയ പ്രസംഗത്തിൽ നിന്നുള്ളതാണ്. [35]ബാർക്ലെ, 235. [36]*ലൂട്രോൺ* എന്നതിന്റെ രൂപഭേദമാണ് ഗ്രീക്ക് വാക്ക് തർജ്ജിമചെയ്ത "റഡീംഡ്." [37]ജൂസ്റ്റ് ഡി ബ്ലാങ്ക്, *അൺ കംഭർട്ടബിൾ വേഡ്സ്* (ലണ്ടൻ ലോങ് മാൻസ്, ഗ്രീൻ ആന്റ് കമ്പനി. 1958), 54. [38]ഒരാളെപ്പറ്റി പറയുന്നതിനെ സൂചിപ്പിക്കുന്നതാണ് "ഒന്നാമൻ." [39]ഈ അവതരണം നിങ്ങൾ ഒരു പ്രസംഗമായി ഉപയോഗിക്കയാണെങ്കിൽ, പ്രാർത്ഥിക്കുവാൻ ആവശ്യപ്പെടാത്ത ക്രിസ്ത്യാനികളെ നിങ്ങൾക്ക് പ്രോത്സാഹിപ്പിക്കാം (യാക്കൊബ് 5:16). പ്രതികരിക്കുവാൻ ആഗ്രഹിക്കുന്നവർക്കുവേണ്ടി നിങ്ങൾക്ക് ക്ഷണവും ഉൾപ്പെടുത്താം, അതിൽ സ്നാനപ്പെടാൻ ആഗ്രഹിക്കുന്നവരും ഉണ്ടായേക്കാം (മർക്കൊസ് 16:15, 16; പ്രവൃത്തികൾ 2:38). [40]ബ്രിസ്കോ, 141.

[41]റിച്ചാർഡ് റോജേഴ്സ്, *ബിഹോൾഡ് യുവർ കിങ് (ബുക്ക് ഓഫ് മാത്യു)* (ലബക്ക്, ടെക്സ്.: സൺസെറ്റ് സ്റ്റഡി സീരീസ്, എൻ. ഡി. ), 26. [42]ചാൾസ് ആർ. സ്വിന്റൽ *ഇംപ്രൂ*

*വിങ് യുവർ സെർവ്:*ദാ ആർട്ട് *ഓഫ് അൺസെൽഫിഷ് ലിവിങ്* (വാക്കോ, ടെക്സ്.:വേഡ് ബുക്സ്, 1981). ടെന്നീസ് ഗെയിമിൽ ഉപയോഗിക്കുന്ന പദപ്രയോഗമാണ് "ഇംപ്രൂവിംഗ് യുവർ സെൽവ്സ്"; ഒരാൾ ആദ്യം ബോൾ അടിക്കുന്നത് പുരോഗമിപ്പിക്കുന്നതിനെ സൂജിപ്പിക്കുന്നതാണ് എതിർ ദിശയിലേക്ക് ടെന്നീസ് ബാൾ അടിക്കുന്നത് ("സർവ്സ്") ആണ്.

[43]ഇത് എടുത്തിരിക്കുന്നത് ആൾഗർ ഫിച്ച്, *പ്രീച്ചിങ്ങ് ക്രൈസ്റ്റ്* (ജോപ്പിലിം, മോ.:കോളേജ് പ്രസ്സ്, 1992), 113.